**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4397** **28-10-2021 - ൽ മറുപടിയ്ക്ക്**

**കുമ്പള, ചെങ്കള ആശുപത്രികൾക്ക് അധിക തസ്തിക**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ സി എച്ച് കുഞ്ഞമ്പു | | Shri. V. N. Vasavan<br>(സഹകരണ- രജിസ്ട്രേഷൻ വകുപ്പ് മന്ത്രി) | |
| (എ) | കാസർഗോഡ് ജില്ലാ കോ-ഓപ്പറേറ്റീവ് ഹോസ്പിറ്റൽ സൊസൈറ്റിയുടെ കീഴിൽ കുമ്പള, ചെങ്കള എന്നീ സ്ഥലങ്ങളിലെ ആശുപത്രികൾക്ക് അധിക തസ്തികകൾ അനുവദിക്കണമെന്നാവശ്യപ്പെട്ട് സംഘം നല്കിയ പ്രപ്പോസലിൽ തീരുമാനമായിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ; | (എ) | കാസർഗോഡ് ജില്ലാ സഹകരണ ആശുപത്രി സംഘം ക്ലിപ്തം നം.എസ് 42 ന് അധിക തസ്തികകൾ അനുവദിച്ചുകൊണ്ട് 11/10/2021 ലെ സ.ഉ(കൈ)നം.23/2021/സഹ. പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ആയതിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു. |
| (ബി) | സർക്കാരിന് സാമ്പത്തിക ബാധ്യതയില്ലാത്ത പ്രസ്തുത സംഘത്തിന്റെ പ്രപ്പോസലിൽ അനുമതി നൽകാനുള്ള കാലതാമസം എന്തുകൊണ്ടെന്ന് വിശദമാക്കാമോ? | (ബി) | കാസർഗോഡ് ജില്ലാ സഹകരണ ആശുപത്രി സംഘം ക്ലിപ്തം നം.എസ് 42 ന് അധിക തസ്തികകൾ അനുവദിച്ചുകൊണ്ട് 11/10/2021 ലെ സ.ഉ(കൈ)നം.23/2021/സഹ. പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ആയതിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

അനുബന്ധം

File No.Co-Op-PS2/301/2021-Co-Op

"ഭരണഭാഷ- മാതൃഭാഷ"

150 YEARS OF CELEBRATING THE MAHATMA

കേരള സർക്കാർ

സംഗ്രഹം

സഹകരണ വകുപ്പ് - കാസറഗോഡ് ജില്ലാ സഹകരണ ആശുപത്രി സംഘം ക്ലിപ്തം നം.എസ്.42 ന് അധിക തസ്തികകൾ അനുവദിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

സഹകരണ (പി.എസ്) വകുപ്പ്

സ.ഉ.(കൈ) നം.23/2021/സഹ. തീയതി,തിരുവനന്തപുരം, 11/10/2021

---

പരാമർശം:- സഹകരണ സംഘം രജിസ്ട്രാറുടെ 08.08.2021 ലെ ആർ.സി.എസ്./7677/2020- എം.റ്റി (1) നമ്പർ കത്ത്.

**ഉത്തരവ്**

കാസറഗോഡ് ജില്ല പ്രവർത്തന പരിധിയായി കമ്പള ആസ്ഥാനമായി 30.05.1988 ന് രജിസ്റ്റർ ചെയ്ത് 30.06.1988-ൽ പ്രവർത്തനം ആരംഭിച്ച കാസറഗോഡ് ജില്ലാ സഹകരണ ആശുപത്രി സംഘം ക്ലിപ്തം നം.എസ്.42, ആശുപത്രി സംഘങ്ങളുടെ ക്ലാസ് III വിഭാഗത്തിൽ പ്രവർത്തിച്ചു വരുന്നുവെന്നും സംഘത്തിന്റെ കീഴിൽ കമ്പളയിൽ 1990-ൽ ഒരു ആശുപത്രി ആരംഭിക്കുകയും 2005 മുതൽ ചെങ്കള എന്ന സ്ഥലത്ത് മറ്റൊരു ആശുപത്രിയും പ്രവർത്തിച്ചുവരുന്നുവെന്നും കമ്പളയിൽ ആരംഭിച്ച ആശുപത്രി യൂണിറ്റ് വാടക കെട്ടിടത്തിൽ നിന്നും എൻ.സി.ഡി.സി. ധനസഹായത്തോടെ സ്വന്തമായ കെട്ടിടത്തിലേക്ക് മാറുകയുണ്ടായെന്നും എക്സ്റേ യൂണിറ്റ്, അൾട്രാസൗണ്ട് സ്കാനർ, ലബോറട്ടറി, ഓപ്പറേഷൻ തിയറ്റർ, കാഷ്വാലിറ്റി, ഐ.സി.യു, എൻ.ഐ.സി.യു, ഫാർമസി, ആംബുലൻസ് തുടങ്ങിയ സൗകര്യങ്ങളുണ്ടെന്നും 6 0 ബെഡുകളുള്ള ടി ആശുപത്രിയിൽ 19 ഡോക്ടർമാരും ഓഫീസ് ആശുപത്രി ജീവനക്കാരായി 9 8 പേരും ജോലി ചെയ്തു വരുന്നുവെന്നും ചെങ്കളയിലെ ആശുപത്രി വാടക കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നതെന്നും ജനറൽ മെഡിസിൻ, ഗൈനക്കോളജി, പീഡിയാട്രിക്, ജനറൽ സർജറി, ഓർത്തോപീഡിയാട്രിക്സ്, ഇ.എൻ.ടി, ഡെർമറ്റോളജി തുടങ്ങി വിവിധ ഡിപ്പാർട്ടുമെന്റുകൾ 24 മണിക്കൂറും പ്രവർത്തിക്കുന്നുവെന്നും ആക്സിഡന്റ് ട്രോമോകെയർ സംവിധാനമുണ്ടെന്നും 100 ബെഡുകളുള്ള ഈ യൂണിറ്റിൽ 12 ഡോക്ടർമാരും 102 ജീവനക്കാരും ജോലി ചെയ്തു വരുന്നുവെന്നും മേൽ ആശുപത്രികൾ കൂടാതെ കണ്ടംകുഴിയിൽ ഒരു ക്ലിനിക്ക് കൂടി പ്രവർ ത്തിച്ചുവരുന്നുവെന്നും സംഘത്തിന് നിലവിൽ 1 1 7 തസ്തികകൾ അനുവദിച്ചിട്ടുണ്ടെന്നും താത്കാലികമായി അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ് തസ്തികയും അനുവദിച്ചിട്ടുണ്ടെന്നും കൂടാതെ കരാറടിസ്ഥാനത്തിൽ 111 പേർ ജോലി ചെയ്തുവരുന്നുവെന്നും സഹകരണ നിയമം ചട്ടം 182 അപ്പന്റിക്സ് III പ്രകാരം ക്ലാസ്സ് III വിഭാഗം സംഘങ്ങൾക്ക് ഓഫീസ് സ്റ്റാഫ്, ഹോസ്പിറ്റൽ സ്റ്റാഫ് എന്നിവ ഉൾപ്പെടെ ആകെ 20 തസ്തികകളാണ് അനുവദനീയമായിട്ടുള്ളതെന്നും കരാർ വ്യവസ്ഥയിൽ ജോലി ചെയ്യുന്ന 111 ജീവനക്കാരുൾപ്പെടെ ആകെ 12 4 അധിക തസ്തികകൾക്കാണ് സംഘം ഭരണസമിതി അപേക്ഷ സമർപ്പിച്ചിരിക്കുന്നതെന്നും നിലവിൽ തന്നെ സിൽബന്തി ചെലവ് വഹിക്കുന്നതിനാൽ 12 4 അധിക തസ്തികകൾ സൃഷ്ടിക്കുന്നതിലൂടെ വലിയ ബാധ്യത വഹിക്കേണ്ടിവരില്ലെന്നും സംഘത്തിന്റെ 2018-19

വർഷത്തെ ആഡിറ്റ് സർട്ടിഫിക്കറ്റ് പ്രകാരം 1.20 കോടി രൂപ പിരിഞ്ഞുകിട്ടിയ ഓഹരി മൂലധനവും, 7.67 കോടി രൂപ നിക്ഷേപ ബാക്കിനിൽപ്പും ഉണ്ടെന്നും 2.23 കോടി രൂപ അറ്റനഷ്ടത്തിലാണ് സംഘം പ്രവർത്തിക്കുന്നതെന്നും 24 മണിക്കൂറും പ്രവർത്തിക്കുന്ന 2 ആശുപത്രി യൂണിറ്റുകൾ ഉള്ള സംഘത്തിന്റെ പ്രവർത്തനത്തിന് ചുവടെയുള്ള അധിക തസ്തികകൾ ആവശ്യമാണെന്ന് സംഘം ഭരണസമിതി അറിയിച്ചിരിക്കുകയാണെന്നും സഹകരണ സംഘം രജിസ്ട്രാർ അറിയിച്ചിരിക്കുന്നു.

| ക്രമ നം. | തസ്തിക | എണ്ണം |
|---|---|---|
| 1 | ക്ലർക്ക് | 1 |
| 2 | റിസപ്ഷനിസ്റ്റ് | 5 |
| 3 | അറ്റൻഡർ | 2 |
| 4 | ഫാർമസിസ്റ്റ് | 4 |
| 5 | ഫാർമസി അസിസ്റ്റന്റ് | 5 |
| 6 | ലാബ് ടെക്നീഷ്യൻ | 3 |
| 7 | ലാബ് അസിസ്റ്റന്റ് | 6 |
| 8 | എക്സ്റേ അസിസ്റ്റന്റ് | 2 |
| 9 | സ്റ്റാഫ് നേഴ്സ് | 36 |
| 10 | നഴ്സിംഗ് അസിസ്റ്റന്റ് | 26 |
| 11 | വാർഡ് ബോയ് | 5 |
| 12 | വാച്ച്മാൻ | 5 |
| 13 | ഡ്രൈവർ | 2 |
| 14 | സ്വീപ്പർ | 8 |
| 15 | ഇലക്ട്രീഷ്യൻ | 1 |
| 16 | ഡാറ്റാ എൻട്രി ഓപ്പറേറ്റർ | 1 |
| 17 | ലിഫ്റ്റ് ഓപ്പറേറ്റർ | 2 |
| 18 | എസ്.ടി.പി.ഓപ്പറേറ്റർ | 2 |
| 19 | നഴ്സിംഗ് സുപ്രണ്ട് | 2 |
| 20 | ഹെഡ് നേഴ്സ് | 2 |
| 21 | തിയറ്റർ അസിസ്റ്റന്റ് | 2 |
| 22 | പബ്ലിക് റിലേഷൻ ഓഫീസർ | 2 |
| | ആകെ | 124 |

2) സംഘത്തിന് നിലവിൽ 118 തസ്തികകളാണ് അനുവദിച്ചിട്ടുള്ളതെന്നും 22 ഇനങ്ങളിലായി 124 തസ്തികകൾ കൂടി അധികമായി അനുവദിക്കുന്നതിനാണ് സംഘം അപേക്ഷിച്ചിട്ടുള്ളതെന്നും ആകെ 160 ബെഡുകളും, 31 ഡോക്ടർമാരും ഉള്ള ആശുപത്രി 24 മണിക്കൂറും പ്രവർത്തിക്കുന്നുവെന്നും ട്രോമകെയർ സംവിധാനം അടക്കം സൗകര്യം ഉള്ള ആശുപത്രിയിൽ ദിനംപ്രതി 500ലധികം രോഗികൾ വന്നു

പോകുന്നുവെന്നും ആശുപത്രിയിൽ രോഗികൾക്ക് മെച്ചപ്പെട്ട സേവനം യഥാസമയം ലഭ്യമാക്കുന്നതിന് എല്ലാ തസ്തികകളിലും, എല്ലാ യൂണിറ്റുകളിലും ജീവനക്കാർ അത്യാവശ്യമാണെന്നും സഹകരണ മേഖലയിലുള്ള ആശുപത്രികൾ സ്വകാര്യമേഖലയിലുള്ള ആശുപത്രികളിൽ നിന്ന് വലിയ മത്സരവും വെല്ലുവിളികളും നേരിടുന്ന കാലഘട്ടത്തിൽ മെച്ചപ്പെട്ട സർവ്വീസ് ലഭ്യമാക്കിയാൽ മാത്രമേ സഹകരണ സ്ഥാപനങ്ങൾക്ക് പിടിച്ചുനിൽക്കാൻ സാധിക്കുകയുള്ളൂ എന്നതിനാൽ സംഘത്തിന് അത്യാവശ്യ പ്രവർത്തനങ്ങൾ നടത്തിക്കൊണ്ട് പോകേണ്ടതിന് മേൽപ്പറഞ്ഞ തസ്തികകൾ അത്യാവശ്യമാണെന്നും അനുവദിക്കേണ്ടതാണെന്നും മേൽ തസ്തികകൾ അനുവദിക്കുന്നത് സംഘത്തിന്റെ സാമ്പത്തികസ്ഥിതിക്ക് ദോഷകരമായിരിക്കില്ലെന്നും ആയതിനാൽ ടി തസ്തികകൾ അനുവദിക്കാവുന്നതാണെന്നും പരാമർശ കത്ത് പ്രകാരം സഹകരണ സംഘം രജിസ്ട്രാർ ശുപാർശ ചെയ്തിട്ടുണ്ട്.

3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. മേൽ സാഹചര്യത്തിൽ, സഹകരണ സംഘം രജിസ്ട്രാറുടെ ശുപാർശ കണക്കിലെടുത്ത് കാസറഗോഡ് ജില്ലാ സഹകരണ ആശുപത്രി സഹകരണ സംഘം ക്ലിപ്തം നം.എസ്. 4 2 ന് മേൽ പ്രകാരം അധിക തസ്തികകൾ അനുവദിച്ച് ഇതിനാൽ ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
പി കെ ഗോപകുമാർ
ജോയിന്റ് സെക്രട്ടറി

അക്കൗണ്ടന്റ് ജനറൽ (എ&ഇ, ആഡിറ്റ്) കേരള, തിരുവനന്തപുരം

സഹകരണ സംഘം രജിസ്ട്രാർ, തിരുവനന്തപുരം.

ജോയിന്റ് രജിസ്ട്രാർ (ജനറൽ), കാസറഗോഡ്

സെക്രട്ടറി, കാസറഗോഡ് ജില്ലാ സഹകരണ ആശുപത്രി സഹകരണ സംഘം ക്ലിപ്തം നം.എസ്.42, കുമ്പള പി.ഒ. - 671 321.

ഐ & പി.ആർ.ഡി (വെബ് & ന്യൂ മീഡിയ)

കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ്:- ബഹു. മുഖ്യ മന്ത്രിയുടെ പി.എസ്.

ബഹു. സഹകരണ വകുപ്പ് മന്ത്രിയുടെ പി.എസ്.

സഹകരണ വകുപ്പ് സെക്രട്ടറിയുടെ പി.എ.